● രേഖകളില്ല, മെന്റർമാരുമില്ല

# ഒന്നാംക്ലാസ് പ്രവേശന പ്രതിസന്ധിയിൽ ഇടമലക്കുടി ട്രൈബൽ സ്കൂൾ

● 54 കുട്ടികളിൽ ആധാറുള്ളത് 28 പേർക്ക് മാത്രം

തൊടുപുഴ: സംസ്ഥാനത്തുടനീളം പുതിയ അധ്യയനവർഷത്തിനായുള്ള ഒരുക്കങ്ങൾ ഊർജിതമായി നടക്കുമ്പോൾ, കേരളത്തിലെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ നിന്നുള്ള കാഴ്ചകൾ ആശങ്കപ്പെടുത്തുന്നത്. മറ്റിടങ്ങളിൽ രക്ഷിതാക്കൾ കുട്ടികളുമായി സ്കൂളുകളിലെത്തുമ്പോൾ, ഇവിടെ കുട്ടികളെ കണ്ടെത്താനായി അധ്യാപകർക്ക് കാടും മലയും താണ്ടി വിവിധ ഊരുകളിലേക്കു പോകേണ്ട അവസ്ഥയാണ്. എന്നാൽ ഈ പ്രയത്നങ്ങൾക്കു മുന്നിലും വലിയ പ്രതിസന്ധികളാണ് നിലവിലുള്ളത്.

കഴിഞ്ഞ വർഷം 16 കുട്ടികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയിരുന്ന സ്ഥാനത്ത്, ഇത്തവണ ഇതുവരെ ഒൻപത് കുട്ടികളെ മാത്രമാണ് കണ്ടെത്താനായിട്ടുള്ളത്. ഈ കുട്ടികൾക്കാകട്ടെ ആധാർ കാർഡോ, ജനന സർട്ടിഫിക്കറ്റോ, ജാതി സർട്ടിഫിക്കറ്റോ ഇല്ലാത്ത സാഹചര്യമാണ്.

സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന സ്കൂളിലെ പ്രധാനാധ്യാപകന്റെ നേതൃത്വത്തിലാണ് കുടികളിൽ സന്ദർശനം നടത്തുന്നത്. എന്നാൽ കണ്ടെത്തുന്ന കുട്ടികളിൽ ആധാർ ഉള്ളവർക്ക് ജനന സർട്ടിഫിക്കറ്റോ, ഇവ രണ്ടും ഉള്ളവർക്ക് ജാതി സർട്ടിഫിക്കറ്റോ ഇല്ല.

ഒന്നാം ക്ലാസ് പ്രവേശനത്തിന് രേഖകൾ ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. താൽക്കാലികമായി അഡ്മിഷൻ നൽകിയാലും കൃത്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്താത്ത പക്ഷം കുട്ടികൾക്കു ലഭിക്കേണ്ട ഗ്രാന്റ് ഉൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാതെ വരും.

നിലവിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി പഠിക്കുന്ന 54 കുട്ടികളിൽ 28 പേർക്ക് മാത്രമാണ് ആധാറുള്ളത്. 26 കുട്ടികൾക്ക് ആധാർ ഇല്ല. ഇതിൽ ഒൻപത് പേർക്ക് മാത്രമാണ് ബാങ്ക് അക്കൗണ്ടുകളുള്ളത്.

രേഖകൾ ശരിയാക്കണമെങ്കിൽ ഇടമലക്കുടിയിൽ നിന്നും മൂന്നാറിലെത്തണം. വനമേഖലയിലൂടെയുള്ള യാത്ര അതീവ ദുർഘടമായതിനാൽ ജീപ്പ് സർവീസുകൾക്ക് വലിയ തുക വാടകയായി നൽകേണ്ടി വരുന്നത് സാധാരണക്കാരായ രക്ഷിതാക്കളെ പിന്നോട്ടടിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ടുകളും ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാത്തതിലുള്ള നിരാശയും കാരണം കുട്ടികളെ സ്കൂളിലേക്ക് അയക്കാൻ പലരും മടിക്കുകയാണ്.

കൂടാതെ, മുൻവർഷങ്ങളിൽ കുട്ടികളെ കുടികളിൽ നിന്നും സ്കൂളിൽ എത്തിക്കാൻ സഹായിച്ചിരുന്ന ട്രൈബൽ മെന്റർമാരുടെ സേവനം കഴിഞ്ഞ വർഷം മുതൽ നിലച്ചതും പ്രതിസന്ധി ഇരട്ടിയാക്കി. വന്യമൃഗശല്യമുള്ള പാതകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കിയിരുന്നത് ഈ മെന്റർമാരായിരുന്നു. ഇവരുടെ സേവനം ഇല്ലാതായതോടെ, ജോലിക്കു പോകുന്ന രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലേക്ക് വിടാൻ മടിക്കുകയാണ്.

സ്കൂൾ അധികൃതരുടെ മാത്രം ശ്രമം കൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല ഇടമലക്കുടിയിലെ ഈ പ്രശ്നം. വിവിധ സർക്കാർ വകുപ്പുകൾ ഒന്നിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ക്യാംപുകൾ സംഘടിപ്പിച്ച് രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ, ഇത്തവണ ഇടമലക്കുടിയിലെ ഒന്നാം ക്ലാസുകളിൽ കുട്ടികളുടെ എണ്ണം നാമമാത്രമായി ചുരുങ്ങുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.



● തകർന്നുകിടക്കുന്ന മുറിഞ്ഞപുഴ-പുറക്കയം റോഡ്.

## മുറിഞ്ഞപുഴയിൽ ദുരിതയാത്ര; ഓട്ടോറിക്ഷകൾ സർവീസ് നടത്തുന്നില്ല

പീരുമേട്: മുറിഞ്ഞപുഴയിൽ ദുരിതയാത്ര, ഓട്ടോറിക്ഷകൾ സർവീസ് നടത്തുന്നില്ല. പെരുവന്താനം പഞ്ചായത്തിൽ ഉൾപ്പെടുന്ന മുറിഞ്ഞപുഴ പുറക്കയം റോഡാണ് അധികൃതരുടെ കടുത്ത അവഗണനയിൽ തകർന്നു കിടക്കുന്നത്. ഏകദേശം ഒരു കിലോമീറ്ററോളം വരുന്ന റോഡ് പൂർണമായും തകർന്ന് വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. ഈ വഴിയിലൂടെയുള്ള യാത്ര ഇപ്പോൾ സർക്കസിന് തുല്യമാണെന്നാണ് നാട്ടുകാർ പറയുന്നത്. അത്രത്തോളം ദുഷ്കരമാണ് ഈ വഴിയുള്ള യാത്ര.

നിത്യേനയെന്നോണം ഇവിടെ ഇരുചക്രവാഹനങ്ങൾ അപകടത്തിൽപെടുന്നത് പതിവായിരിക്കുകയാണ്. റോഡിന്റെ ശോച്യാവസ്ഥ കണ്ട് ഇതുവഴി സർവീസ് നടത്താൻ ഓട്ടോ ഡ്രൈവർമാർ പോലും മടിക്കുകയാണ്. ഇത് അത്യാവശ്യഘട്ടങ്ങളിൽ ആശുപത്രികളിൽ പോകേണ്ടിവരുന്ന രോഗികൾക്കും ഗർഭിണികൾക്കുമടക്കം വലിയ തിരിച്ചടിയാകുന്നു.

യാത്രാദുരിതം രൂക്ഷമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത അധികൃതർക്കെതിരേ കടുത്ത അമർഷത്തിലാണു പ്രദേശവാസികൾ.

ജനങ്ങളുടെ ക്ഷമ പരീക്ഷിക്കാതെ, അടിയന്തരമായി റോഡ് പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. അല്ലാത്തപക്ഷം അധികാരികളുടെ കണ്ണുതുറപ്പിക്കാൻ ശക്തമായ ജനകീയ സമരപരിപാടികളുമായി മുന്നോട്ടു പോകാനാണ് പ്രദേശവാസികളുടെ തീരുമാനം.

## സിദ്ധ അറ്റൻഡർ നിയമനം: കൂടിക്കാഴ്ച മാറ്റിവച്ചു

തൊടുപുഴ: ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള സിദ്ധ അറ്റൻഡർ തസ്തികയിലെ (ഒന്ന്) ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി കുയിലിമലയിലുള്ള ഭാരതീയ ചികിൽസാ വകുപ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ 29 ന് നടത്താൻ നിശ്ചയിച്ചിരുന്ന കൂടിക്കാഴ്ച ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. ഫോൺ: 04862 232318.

## ത്രിവത്സര ഡിപ്ലോമ കോഴ്സ് പ്രവേശനം

ഇടുക്കി: ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള പൈനാവ് (04862232246, 8547005084) മോഡൽ പോളിടെക്നിക്ക് കോളജിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഡിപ്ലോമ പഠനത്തിന് താൽപര്യമുള്ള എസ്.എസ്.എൽ.സി / പ്ലസ് ടു പാസായ വിദ്യാർഥികൾക്ക് കോളജിൽ നേരിട്ട് എത്തിയോ, 8547005000 എന്ന ഫോൺ നമ്പറിലോ കോഴ്സ് സംബന്ധമായ വിശദാംശങ്ങൾ അന്വേഷിക്കാം.

## വാക്ക്-ഇൻ-ഇന്റർവ്യു മാറ്റി

പാറേമാവ്: ജില്ലാ ആയുർവേദ ആശുപത്രിയിൽ (അനക്സ്) ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്ക്, കുക്ക്, ഫുൾ ടൈം സ്വീപ്പർ-(2), സെക്യൂരിറ്റി, ഫീമെയിൽ തെറാപ്പിസ്റ്റ്, പഞ്ചകർമ അസിസ്റ്റന്റ് തസ്തികകളിലേക്ക് 29 നു നടത്താനിരുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യവും കാര്യക്ഷമവുമായി പൂർത്തിയാക്കി: ജില്ലാ കലക്ടർ

ഇടുക്കി: ജില്ലയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രക്രിയ കാര്യക്ഷമവും സുതാര്യവുമായി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് ജില്ലാ കലക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനുമായ ഡോ. ദിനേശൻ ചെറുവാട്ട്. തെരഞ്ഞെടുപ്പ് ജോലികൾക്കായി വിന്യസിച്ച ഉദ്യോഗസ്ഥർക്ക് കലക്ടറേറ്റിൽ സംഘടിപ്പിച്ച അനുമോദന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു കലക്ടർ.

തെരഞ്ഞെടുപ്പ് പ്രക്രിയ മികവോടെ പൂർത്തീകരിക്കാൻ കഴിഞ്ഞത് ജില്ലയിലെ ഉദ്യോഗസ്ഥരുടെ ടീം വർക്കിന്റെ വിജയമാണ്. ഏറ്റവും വലിയ ജില്ല, കുറഞ്ഞ ജനസംഖ്യ, സവിശേഷമായ ഭൂപ്രകൃതി, യാത്രാ സൗകര്യങ്ങൾ എല്ലാം വെല്ലുവിളിയായിരുന്നു. എന്നാൽ എല്ലാറ്റിനെയും അതിജീവിച്ച് തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന ദിനം മുതൽ വോട്ടെണ്ണൽ പ്രക്രിയ വരെ എണ്ണയിട്ട യന്ത്രം പോലെ ഉദ്യോഗസ്ഥരുടെ സംഘം പ്രവർത്തിച്ചു. പരാതികൾക്കിടയില്ലാതെ എസ്. ഐ. ആർ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിച്ച ബി.എൽ. ഒമാരുടെ സേവനം എടുത്തു പറയേണ്ടതാണെന്നും ജില്ലാ കലക്ടർ പറഞ്ഞു.



● തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കായി കലക്ടറേറ്റിൽ സംഘടിപ്പിച്ച അനുമോദനയോഗം ജില്ലാ കലക്ടർ ഡോ. ദിനേശൻ ചെറുവാട്ട് ഉദ്ഘാടനം ചെയ്യുന്നു.

ഉദ്യോഗസ്ഥർക്കുള്ള സർട്ടിഫിക്കറ്റുകളും കലക്ടർ വിതരണം ചെയ്തു. ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ് എസ്. ശ്രീജിത്ത് അധ്യക്ഷത വഹിച്ചു. ഇടുക്കി സബ് കലക്ടർ അനൂപ് ഗാർഗ്, ദേവികുളം സബ് കലക്ടർ ആര്യ വി.എം., ഡെപ്യൂട്ടി കലക്ടർമാരായ അതുൽ സ്വാമിനാഥ്, സുജിത്ത് കരുൺ, എം.സി ജ്യോതി, ഷീബ മാത്യു, കലക്ടറേറ്റ് ശിരസ്തദാർ സി.കെ സജീവ്, തിരഞ്ഞെടുപ്പ് വിഭാഗം ജൂനിയർ സൂപ്രണ്ട് ഹോർമിസ് കുരുവിള എന്നിവർ പ്രസംഗിച്ചു.



● പീരുമേട് താലൂക്കാശുപത്രിയിലേക്കുള്ള പ്രധാന പാതയിൽ കാട്ടുചെടി വളർന്നുനിൽക്കുന്നു.

# പീരുമേട് താലൂക്കാശുപത്രി റോഡിൽ കാട്ടുപൊന്തയും മാലിന്യവും

● രോഗികളും യാത്രക്കാരും ദുരിതത്തിൽ

പീരുമേട്: താലൂക്കാശുപത്രിയിലേക്കുള്ള പ്രധാന റോഡിന്റെ ഇരുവശങ്ങളിലും കാട്ടുപൊന്തകൾ വളർന്നു പന്തലിച്ചതോടെ യാത്രക്കാർ ദുരിതത്തിൽ. കാടുകയറിയ റോഡിലൂടെ രോഗികളുമായി എത്തുന്ന ആംബുലൻസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോകുമ്പോൾ കാൽനടയാത്രക്കാർക്ക് മാറിനിൽക്കാൻ പോലും ഇടമില്ലാത്ത അവസ്ഥയാണ്.

ഏതാനും നാളുകൾക്കു മുൻപ് റോഡിൽ പതിച്ച സിമന്റ് കട്ടകൾ (ഇന്റർലോക്ക്) പലയിടങ്ങളിലും ഇളകിമാറിയത് യാത്ര കൂടുതൽ കഠിനമാക്കുന്നു. ഇതിനുപുറമേ, ആശുപത്രിയിലെത്തുന്നവരും അല്ലാത്തവരും റോഡരികിലേക്ക് വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കുന്നുകൂടുന്നത് പ്രദേശത്ത് കടുത്ത ആരോഗ്യപ്രശ്നങ്ങൾക്കും തെരുവുനായ ശല്യത്തിനും കാരണമാകുന്നുണ്ട്.പ്രധാന ബസ് കാത്തിരിപ്പ് കേന്ദ്രം മുതൽ താലൂക്കാശുപത്രി വരെയുള്ള ഭാഗത്തെ കാടുകൾ അടിയന്തരമായി വെട്ടിത്തെളിച്ച് റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും നാട്ടുകാരും രോഗികളും ആവശ്യപ്പെട്ടു.

# നേര്യമംഗലം-വാളറ വനമേഖലയിലെ നിർമാണ തടസങ്ങൾ നീക്കും: മന്ത്രി പി.കെ. ബഷീർ

● മന്ത്രി ഉടൻ സ്ഥലം സന്ദർശിക്കും

അടിമാലി: കൊച്ചി-ധനുഷ്കോടി ദേശീയപാതയിലെ നേര്യമംഗലം - വാളറ വനമേഖലയിലെ നിർമാണ തടസങ്ങൾ നീക്കുമെന്നും ദേശീയപാത നിർമാണം അതിവേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീർ ഉറപ്പ് നൽകിയതായി മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.എസ് സിയാദ് പറഞ്ഞു.

പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന ആവശ്യം കഴിഞ്ഞദിവസം മംഗളം വാർത്തയാക്കിയിരുന്നു. തുടർന്ന് മുസ്ലിം ലീഗ് നിയോജക മണ്ഡലം കമ്മിറ്റി മന്ത്രിയെ കണ്ടു. ഇക്കാര്യം മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ടെന്നും ചീഫ് സെക്രട്ടറിയോട് വിശദവിവരം തേടിയിട്ടുണ്ടെന്നും ഹൈക്കോടതിയിൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ച് തടസമില്ലാതെ നിർമാണം പൂർത്തിയാക്കുമെന്നും മന്ത്രി ബഷീർ പറഞ്ഞു. അടുത്തദിവസം തന്നെ മന്ത്രി പ്രദേശം സന്ദർശിക്കുമെന്നും സിയാദ് അറിയിച്ചു.

വിഷയം ശ്രദ്ധയിൽ പെടുത്തി മുസ്ലിം ലീഗ് നിയോജക മണ്ഡലം നേതാക്കൾക്കൊപ്പം മന്ത്രിയുടെ ചേംബറിൽ സന്ദർശിച്ച് വിശദമായി സംസാരിക്കുകയും വിശദവിവരങ്ങൾ ഉൾപ്പെടുത്തിയ നിവേദനം നൽകുകയും ചെയ്തു. പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. സലിം, നിയോജക മണ്ഡലം പ്രസിഡന്റ് അനീഫ അറയ്ക്കൽ, ജനറൽ സെക്രട്ടറി അജി മുഹമ്മദ്, ജില്ലാ സെക്രട്ടറി വി.എം. റസാഖ് എന്നിവർ ഒപ്പമുണ്ടായിരുന്നു.


23 മംഗളം
പാതിവഴിയിൽ നിലച്ച പണികൾ ഉടൻ പൂർത്തിയാക്കണമെന്ന് ആവശ്യം
വനംവകുപ്പിന് 5.41 കോടി രൂപ

● വിഷയം സംബന്ധിച്ച് മംഗളം നൽകിയ വാർത്ത.



● മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.എസ്. സിയാദും സംഘവും പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീറിനെ സന്ദർശിച്ച് നിവേദനം നൽകിയപ്പോൾ.

## പഠനോപകരണ കിറ്റ് വിതരണം

തൊടുപുഴ: കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഇടുക്കി ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സൗജന്യ പഠനോപകരണ കിറ്റ് വിതരണം ഇന്നു രാവിലെ 11.30 ന് തൊടുപുഴയിലുള്ള ജില്ലാ ഓഫീസിൽ നടക്കും. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ സജീവ്കുമാർ വി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബോർഡ് ഡയറക്ടർ കെ.കെ. തോമസ് ഉദ്ഘാടനം നിർവഹിക്കും. ഫോൺ: 04862 220308.

## ദർഘാസുകൾ ക്ഷണിച്ചു

അടിമാലി: താലൂക്ക് ആശുപത്രിയിലെ എക്സ്റേ വിഭാഗത്തിലേക്ക് എക്സ്റേ ഫിലിം, ലാബ് റീ ഏജന്റ് എന്നിവ ലഭ്യമാക്കുന്നതിന് തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചു.

ജൂൺ 4ന് ഉച്ചകഴിഞ്ഞ് 1 വരെ സ്വീകരിക്കും. അന്നേദിവസം ഉച്ചകഴിഞ്ഞ് 3 ന് ദർഘാസുകൾ തുറക്കും. സൂപ്രണ്ട്, താലൂക്ക് ആശുപത്രി അടിമാലി എന്ന വിലാസത്തിൽ ദർഘാസുകൾ സമർപ്പിക്കണം. ഫോൺ: 04864-222670.

## അധ്യാപക ഒഴിവ്

തൊടുപുഴ: ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ എച്ച്.എസ്.ടി മാത്തമാറ്റിക്സ്, എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകളിൽ താത്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ രണ്ടിന് രാവിലെ 11 ന് സ്കൂളിൽ നടക്കുന്ന അഭിമുഖത്തിൽ ഹാജരാകണം. ഫോൺ: 04862 222108.

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/06/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).......
ഇടുക്കി, അടിമാലി, 0102610700056497, 7630, 7976, 8040, 0102610730021921, 2406, കട്ടപ്പന, 0103040730005749, രാജകുമാരി, 0130860700023082,

മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപ്പറയുന്നവ പാലിക്കേണ്ടതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേണ്ടതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

BEFORE THE HONOURABLE FAMILY COURT, KATTAPPANA
OP 369/2026

Petitioner : Siji Mathew, aged 42 years, W/o Reju Kumar C.K., D/o Mathew, Vallikkunnel House, Valliamthadam Kara, Anavilasam P.O., Anavilasam Village, Udumbanchola Taluk, Idukki District, Pin: 685535 (Kumily Police Station Limit).

Respondent : Reju Kumar C.K., aged 50 years, S/o Kochukrishnan, Kailas Bhavan, Poreekkal Kara, Karuvelil P.O., Ezhukone Village, Kottarakkara Taluk, Kollam District, Pin: 691505 (Ezhukone Police Station Limit).

ടി എതിർകക്ഷിയെ തെര്യപ്പെടുത്തുന്നത്.

ടി എതിർകക്ഷിക്കെതിരേ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹർജി 28.5.2026 തീയതി അവധി വച്ചിട്ടുള്ളതാകുന്നു. ടി കേസിൽ ടിയാളുകൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ടിയാളുകളെ കൂടാതെ ടി കേസ് തീർപ്പു കല്പിക്കുന്നതുമാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം
Adv. Prince Joseph (Sd/-)
Counsel for the Petitioner
കട്ടപ്പന, 18.05.2026

## ഇ.എസ്.ഐ-പി.എഫ്. സംയുക്ത അദാലത്ത് 29 ന്

ഇടുക്കി: തൊഴിലാളികൾ, തൊഴിലുടമകൾ, പെൻഷൻകാർ എന്നിവർക്കായി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷനും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും സംയുക്തമായി നടത്തുന്ന ബോധവൽക്കരണ പരിപാടിയും പരാതി പരിഹാര അദാലത്തും 29 ന് നടക്കും. തൊടുപുഴ ഇ.എസ്.ഐ.സി ബ്രാഞ്ച് ഓഫീസിൽ നടക്കുന്ന പരിപാടിയിലേക്ക് രാവിലെ ഒൻപതിന് രജിസ്ട്രേഷൻ തുടങ്ങും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഇ.എസ്.ഐ സംബന്ധമായ പരാതികൾ മാനേജർ, ബ്രാഞ്ച് ഓഫീസ്, ഇ.എസ്.ഐ കോർപ്പറേഷൻ, തൊടുപുഴ അല്ലെങ്കിൽ മാനേജർ, ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസ്, ഇ.എസ്.ഐ കോർപ്പറേഷൻ, ഫാത്തിമ മാതാ നഗർ, അടിമാലി എന്ന വിലാസത്തിലും പി.എഫ് സംബന്ധിച്ച പരാതികൾ മൂന്നാർ പി.എഫ്. ഓഫീസിൽ അസിസ്റ്റന്റ് പി. എഫ്. കമ്മീഷണർ, പി.എഫ്. ജില്ലാ ഓഫീസ്, മൂന്നാർ എന്ന വിലാസത്തിലും നേരിട്ടോ, തപാലിലോ 28 നകം ലഭ്യമാക്കണം. ഇ.എസ്.ഐ സംബന്ധമായ പരാതികൾ both-odupuzha.keralaesic.nic.in, dcbomunnar.keesic.nic.in എന്നീ ഇ മെയിലുകളിലും പി.എഫ്. സംബന്ധമായ പരാതികൾdo.munnarepfindia.gov.in എന്ന ഇമെയിലിലും അയയ്ക്കാം. ഇ.എസ്.ഐ ഇൻഷുറൻസ് നമ്പർ, പി. എഫ്. നമ്പർ, യു.എ.എൻ, പി.പി.ഓ.നമ്പർ, എസ്റ്റാബ്ലിഷ്മെന്റ് നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർത്തിരിക്കണം. പരിപാടി നടക്കുന്ന ദിവസം നേരിട്ടും പരാതി സമർപ്പിക്കാം. ഫോൺ: 9496479678 (ഇ.എസ്.ഐ), 9778791775 (പി.എഫ്).

കാമാക്ഷി ഗ്രാമപഞ്ചായത്ത്
ടെൻഡർ പരസ്യം

കാമാക്ഷി ഗ്രാമപഞ്ചായത്ത് 2026-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും തുടർന്നുവരുന്ന VBG RAM G പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തികളുടെ മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ (Window No. G277764/2026) നിന്നോ കാമാക്ഷി ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഓഫീസിൽ നിന്നോ ലഭ്യമാകുന്നതാണ്.

(ഒപ്പ്) സെക്രട്ടറി
കാമാക്ഷി ഗ്രാമപഞ്ചായത്ത്